ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)
സിവിൽ സ്റ്റേഷൻ, കൊല്ലം-691013
ഫോൺ. 0474 2795017
ഇ-മെയിൽ:-dmohkollam@gmail.com

അപ്പൻറിക്സ് എച്ച് 4

എ 6/ 3216/2024 ജി.മെ.ആ — തീയതി 09/01/2025

കുറ്റാരോപണ മെമ്മോ

ശ്രീമതി മഞ്ജു.ആർ നേഴ്സിംഗ് ഓഫീസർ,ജില്ലാ ആശുപത്രി,കൊല്ലം പേരിലുള്ള കുറ്റാരോപണം.മഞ്ജു.ആർ

ശ്രീമതി മഞ്ജു.ആർ എന്ന താങ്കൾ നേഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ചെയ്യവേ അനധികൃതമായി ജോലിയ്ക്ക് ഹാജാരാകാതിരിക്കുക എന്ന കുറ്റം ചെയ്യുകയുണ്ടായി.

ഇത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് നിരക്കാത്ത പ്രവൃത്തിയും ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും ആയതിനാൽ താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവീസ് ( തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി എടുക്കാതിരിക്കുന്നതിന് എന്തെങ്കിലും കാരണവുണ്ടെങ്കിൽ ആയത് ഈ മെമ്മോ കിട്ടുന്ന തീയതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ ബോധിപ്പിക്കേണ്ടതാണ്. എതിർവാദങ്ങളടങ്ങിയ താങ്കളുടെ എതിർവാദ പത്രിക നിശ്ചിത കാലാവധിക്കുള്ളിൽ ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ എതിർവാദങ്ങളൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.താങ്കൾക്ക് എതിർവാദ പത്രിക സമർപ്പിക്കുവാൻ നിശ്ചയിച്ചിട്ടുള്ള തീയതിക്ക് മുമ്പുള്ള ഏതു ദിവസവും താങ്കളുടെ താല്പര്യപ്രകാരം മുൻകൂട്ടി നിശ്ചയിക്കുന്ന സമയത്തും കുറ്റാരോപണ പത്രികയിൽ പറഞ്ഞിട്ടുള്ള വസ്തുതകൾക്ക് ആധാരമായ രേഖകൾ താങ്കൾക്ക് പരിശോധിക്കാവുന്നതും പ്രസ്തുതഭാഗങ്ങൾ കുറിച്ചെടുക്കാവുന്നതുമാകുന്നു.

മേൽ പറഞ്ഞിരിക്കുന്ന കുറ്റത്തിന് അടിസ്ഥാനമായ കുറ്റാരോപണ പ്രത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു

കുറ്റാരോപണ പത്രിക

1. ശ്രീമതി മഞ്ജു.ആർ നേഴ്സിംഗ് ഓഫീസർ, എന്ന താങ്കൾ 05/09/2024 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു.

2.ജോലിയിൽ തിരികെ പ്രവേശിക്കാൻ കത്ത് നൽകിയെങ്കിലും താങ്കളിൽ നിന്നും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല.

താങ്കളുടെ ഇത്തരത്തിലുള്ള പ്രവൃത്തികൾ ഗുരുതരമായ അച്ചടക്ക ലംഘനവും ഔദ്യോഗിക ജോലിയിലുള്ള വീഴ്ചയുംമായതിനാൽ ഈ കുറ്റപത്രം നൽകുന്നു

ഡോ. അനിത.എ
ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം

സ്വീകർത്താവ്

ശ്രീമതി ചിമഞ്ജു.ആർ നേഴ്സിംഗ് ഓഫീസർ,
ജില്ലാ ആശുപത്രി,കൊല്ലം